പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 4737 29/06/2012-ൽ മറുപടിക്ക്

ജനനമരണ രേഖകളുടെ കമ്പ്യൂട്ടർവത്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ.അൻവർ സാദത്ത്:<br>ശ്രീ.ബെന്നി ബെഹനാൻ:<br>ശ്രീ.ഹൈബി ഈഡൻ: | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനനമരണ രേഖകൾ കമ്പ്യൂട്ടർ വൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ജനനമരണ രജിസ്ട്രേഷൻ 1970 മുതലുള്ള രേഖകളുടെ കമ്പ്യൂട്ടർവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കുന്നതിന് ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോയെന്നും ഇത് എന്ന് പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കുമോ? | (ബി) 2012 മാർച്ച് 31 വരെ പൂർത്തിയാക്കാൻ കഴിയാതിരുന്ന പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് 2012 ഏപ്രിൽ, മേയ് മാസങ്ങളിൽ പ്രവർത്തനം ആരംഭിച്ച് 2013 ജനുവരി മാസത്തോടുകൂടി പ്രവർത്തനം പൂർത്തിയാകുന്ന രീതിയിൽ ഒരു പ്രവർത്തന കലണ്ടർ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും തയ്യാറാക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ/ നഗരകാര്യകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ എന്നിവർക്ക് 2012 മേയ് 15-ന് മുമ്പായി സമർപ്പിക്കേണ്ടതാണെന്നും, 1989 മുതലുള്ള മുൻകാല ജനന റിക്കാർഡുകൾ 2012 ജൂൺ 30-ന് മുമ്പ് ഡേറ്റാ എൻട്രി പൂർത്തിയാക്കി ഓൺലൈനിലേക്ക് പോർട്ട് ചെയ്യത്തക്ക രീതിയിലും 1979 മുതലുള്ള മുഴുവൻ ജനന റിക്കാർഡുകളും 2012 സെപ്തംബർ 30-ന് മുമ്പായും മുഴുവൻ മുൻകാല മരണ റിക്കാർഡുകളും വിവാഹ റിക്കാർഡുകളും ഡിസംബർ 31-ന് മുമ്പായി പോർട്ട് ചെയ്യത്തക്ക രീതിയിലും കലണ്ടർ തയ്യാറാക്കുന്നതിന് 04/05/2012-ൽ 10021/IB1/2012/LSGD നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതു പ്രകാരം എല്ലാ തദ്ദേശ രജിസ്ട്രാർമാരെയും അറിയിക്കുന്നതിന് എല്ലാ രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ